INCREASE OF PRICE ON ARRACK

*1114. [7] **Sri. M. I. Paul:** Will the Hon'ble Minister for Excise be plesed to state.—

(*a*) whether there is any proposal to increase the price on arrack during the current period of the contract;

(*b*) if so, what is the immediate necessity for the same; and

(*c*) if the price is increased will it not be against the principle so far followed by the Government in the matter of auctions?

Chief Minister (**Sri. C. Kesavan**): (*a*) There is a proposal to raise the existing rates of excise duty on country arrack by 12½ per cent. This may result in an increase in price.

(*b*) As a revenue measure.

(*c*) No.

ശ്രീ. എം. ഐ. പോൾ: ചാരായത്തിന്റെ വില വർദ്ധിപ്പിക്കുന്നത് ഈ വർഷത്തിലാണോ അതോ അടുത്ത ബഡ്ജറ്റ്വർഷത്തിലാണോ?

ശ്രീ. സി. കേശവൻ: അടുത്ത ബഡ്ജറ്റ്വർഷത്തിലാണ്.

കടിയിറക്കുകേസ്

*൧൧൧൪. (വ) ശ്രീ. എം. പി. ഗുണ്ടാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) അടക്കടിനിരോധനനിയമം നടപ്പിലായതിനുശേഷം എത്ര കടിയിറക്കുകേസ് നടന്നിട്ടുണ്ട്;

(ബി) ഹരിജനങ്ങളിൽനിന്നും എത്രപേരെ കടിയിറക്കിയിട്ടുണ്ട്?

ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി

(ശ്രീ. എ. ജെ. ജോൺ): (എ—യും ബി—യും) അടക്കടിനിരോധനനിയമം നടപ്പിലായതിനുശേഷം സിവിൽക്കോടതിക്കാണ് കടിയിറക്കിനെപ്പറ്റിയുള്ള അധികാരമുള്ളത്. അതുസംബന്ധമായ സ്ഥിതിവിവരക്കണക്കുകൾ സൂക്ഷിച്ചിട്ടില്ല.

ശ്രീ. എ. കെ. പാച്ചുപിള്ള: കടിയിറക്കിനെപ്പറ്റി പല പരാതികളും ഗവണ്മെണ്ടിനു കിട്ടിയിട്ടില്ലേ?

ശ്രീ. എ. ജെ. ജോൺ. പരാതികൾ കിട്ടിയിട്ടുണ്ട്. എങ്കിലും പരാതികൾ എല്ലാം നിയമത്തെ ലംഘിച്ചിട്ടുള്ളവയാണ്.

ശ്രീ. എ. കെ. പാച്ചുപിള്ള: കടിയിറക്കിനെ സംബന്ധിച്ചിടത്തോളം നിയമത്തെ ലംഘിച്ചു എന്ന കാരണത്തിനു നടപടി നടത്താനായിട്ട് പോലീസുകാരെ അധികാരപ്പെടുത്തിയിട്ടില്ലേ?

ശ്രീ. എ. ജെ. ജോൺ: അങ്ങനെ അധികാരപ്പെടുത്തിയിട്ടുണ്ടെങ്കിൽ തന്നെ അത് നിയമവിരുദ്ധമായിട്ട് പ്രവർത്തിച്ചിട്ടുള്ളവരെ കടിയിറക്കുന്നതിനാണ്.

Sri. P. Balakrishnan Tampi: I rise to a point of order. Government, by giving gratuitous legal advice, is acting prejudicial to the interests of the profession to which I have to honour to belong. No other profession is affected by this practice.

Mr. Speaker: Government should see that no profession is prejudiced.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: സിവിൽകോട്ട് മുഖാന്തിരമല്ലാതെ പോലീസുകാരുടെ സ്വാധികാരം പ്രയോഗിച്ച് സാധുക്കളെ കുടിയിറക്കിവിട്ടതായിട്ട് ഗവൺമെണ്ടിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: പോലീസുകാരുടെ പ്രത്യേക അധികാരം ഉപയോഗിച്ച് കുടിയിറക്കിവിട്ടതായി അറിവില്ല.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: കുടിയിറക്കുകേസിൽ പോലീസുകാർക്ക് സ്വ അധികാരങ്ങളും ഗവൺമെണ്ടിൽനിന്നും കൊടുത്തിട്ടില്ലേ?

ശ്രീ. എ. ജെ. ജോൺ: അതു ഞാൻ മുൻപു പറഞ്ഞുകഴിഞ്ഞു; അധികാരം കൊടുത്തിരിക്കുന്നതു സിവിൽകോടതിക്കാണെന്നു്.

ശ്രീ. കെ. കരുണാകരൻ: കുടിയിറക്കു നിരോധനനിയമം പാസായതിനുശേഷം ജന്മിമാരിൽനിന്നും സാധുക്കൾക്ക് ധാരാളം ഉപദ്രവം നേരിട്ടുകൊണ്ടിരിക്കുന്നു എന്നുള്ളതിനെപ്പറ്റി ഗവൺമെണ്ടിനു പരാതികൾ ലഭിച്ചിട്ടില്ലേ?

ശ്രീ. എ. ജെ. ജോൺ: അങ്ങനെ ചില പരാതികൾ കിട്ടിയിട്ടുണ്ടു്.

ശ്രീ. സി. സി. പ്രസാദ്: കിട്ടിയിട്ടുള്ള പരാതികൾ അനുസരിച്ച് ഗവൺമെണ്ടു് അതിന്മേൽ എന്തു നടപടി നടത്തി എന്നു പറയാമോ?

ശ്രീ. എ. ജെ. ജോൺ: സിവിൽകോടതി മുഖാന്തിരം കുടിയിറക്കിയതിനെപ്പറ്റി പരാതി വന്നാൽതന്നെയും ഗവൺമെണ്ടിനു് ഒന്നും ചെയ്യാൻ നിവർത്തിയില്ല.

കാളറ

*൨൨൯. (൯) ശ്രീ. എം. പി. കുഞ്ഞുദാസു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മെഡിക്കൽവകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) ഈ അടുത്തകാലത്തുണ്ടായ കാളറാ പിടിപെട്ടു് എത്രപേർ മരിച്ചിട്ടുണ്ടു്;

(ബി) അതിൽ ഹരിജനങ്ങൾ എത്ര?

(സി) കുട്ടനാടൻ പ്രദേശങ്ങളിൽ എത്രപേർ മരിച്ചു;

(ഡി) കാളറാമൂലം മരണമടയുന്നതു് കൂടുതലും ഹരിജനങ്ങളാണെന്നു ഗവൺമെണ്ടിനു് ബോദ്ധ്യമായിട്ടുണ്ടോ?

ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ): (എ) ൩൫൨ പേർ.

(ബി) കാളറ മുതലായ രോഗങ്ങൾമൂലമുണ്ടായ മരണത്തിനു ജാതി തിരിച്ചുള്ള പട്ടിക എടുത്തിട്ടില്ല.

(സി) അമ്പലപ്പുഴ, ചങ്ങനാശ്ശേരി, കോട്ടയം ഈ സ്ഥലങ്ങളിൽ ൫൨ പേർ മരിച്ചിട്ടുണ്ടു്.

(ഡി) കാളറ മൂലം മരണം സംഭവിക്കുന്നതു് മിക്കവാറും വൃത്തിഹീനരായ ആളുകൾക്കാണു്. ഈ രോഗം മധുര, തിരുനൽവേലി മുതലായ സ്ഥലങ്ങളിൽനിന്നുമാണു് ഇങ്ങോട്ടു പകരുന്നതു്. കാളറ ഉണ്ടാകുന്നതും സാധാരണയായിട്ടു് വൃത്തിഹീനമായ പ്രദേശങ്ങളിലാണു്.

ശ്രീ. സി. സി. പ്രസാദ്: പട്ടിണിമൂലം കാളറ ഉണ്ടാകുന്നതായിട്ടു് അറിയാമോ?

ശ്രീ. എ. ജെ. ജോൺ: അറിഞ്ഞുകൂടാ,

LIBRARY ARCHIVES Kerala Legislative Assembly